## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.622

29.07.2015 ന് മറുപടിയ്ക്ക്.

### രാത്രിയാത്രാ നിരോധനം പിൻവലിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രിസഞ്ചാരം നിരോധിച്ചതു പിൻവലിക്കുന്നതിനായി കർണ്ണാടക മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 15.04.2015 ൽ ബാംഗ്ലൂരിൽ വച്ച് ബഹു. കേരളാ മുഖ്യമന്ത്രി ബഹു. കർണ്ണാടക മുഖ്യമന്ത്രിയുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. |
| (ബി) പ്രസ്തുത ചർച്ചയിലൂടെ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത നിരോധനം നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി)യും (സി)യും - കേരളത്തിന്റെ വടക്കൻജില്ലകളായ വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിന് 212-ാം നമ്പർ ദേശീയപാതയെ (NH-212) ആണ് ആശ്രയിക്കുന്നത്. അതിനാൽ ഇതുവഴിയുള്ള ഗതാഗതം നിരോധിക്കുന്നത് ടി ജില്ലകളിലെ ജനങ്ങളെ സാരമായി ബാധിക്കും എന്ന വസ്തുത കണക്കിലെടുത്ത് വനം വകുപ്പ് വാഹനങ്ങളുടെ അകമ്പടിയോടെ കോൺവോയി അടിസ്ഥാനത്തിൽ വാഹന ഗതാഗതം അനുവദിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് ബഹു. കേരളാ മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെങ്കിൽ രാത്രി 9 മണി മുതൽ രാവിലെ ആറ് മണിവരെ (9 pm to 6 am) ഗതാഗത നിയന്ത്രണത്തിൽ ഇളവു വരുത്താവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശവും അംഗീകരിക്കാൻ സാധ്യമല്ലെങ്കിൽ രാത്രി പത്തുമണി മുതൽ രാവിലെ അഞ്ച് മണി വരെ (10 pm to 5 am) ഗതാഗത നിയന്ത്രണത്തിൽ അയവു വരുത്തുന്നത് ഉപകാരപ്രദമായിരിക്കും എന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങളെക്കുറിച്ച് പഠിച്ച് തീരുമാനമെടുക്കുന്നതിന് രണ്ടു മാസത്തെ കാലയളവ് ബഹു. കർണ്ണാടക മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനം കർണ്ണാടക മുഖ്യമന്ത്രി അറിയിച്ചിട്ടില്ല. ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരിന്റെ അഭിപ്രായം ലഭ്യമായാൽ ഉടൻ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ